(സി) പ്രസ്തുത റോഡിന്റെ നിർമ്മാണം ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതിക്കായി കാത്തിരിക്കുന്നു.

(ബി) തലശ്ശേരി-മാഹി ബൈപാസിന്റെ നിർമ്മാണം രണ്ട് ഘട്ടമായിട്ടാണ് ചെയ്യുവാൻ ഉദ്ദേശ്യം. അതിൽ ഒന്നാംഘട്ടമായി കി. മീ. 0/00 മുതൽ 7/140 വരെയുള്ള ഭാഗങ്ങളിൽ സ്ഥലമെടുപ്പു ജോലി പൂർത്തിയായി. ഒന്നാംഘട്ടത്തിൽ കി. മീറ്റർ 0/000 മുതൽ 4/150 വരെയുള്ള ഭാഗങ്ങളിലെ റോഡ് പണിക്കും അതിനുള്ളിൽ വരുന്ന രണ്ട് പാലങ്ങളുടെയും (ധർമ്മടം-അഞ്ചരക്കണ്ടി) പണികൾക്കും വേണ്ടി കേന്ദ്ര ഗവൺമെന്റ് 1999-2000-ലെ വാർഷിക പ്ലാനിൽ 24 കോടി രൂപ ഉൾപ്പെടുത്തിയതനുസരിച്ച് 4150 മീറ്റർ റോഡുപണിക്കും, ധർമ്മടം, അഞ്ചരക്കണ്ടി എന്നീ പാലങ്ങൾ പണിയുന്നതിനും വേണ്ടി 37.1 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി കേന്ദ്ര ഉപരിതലമന്ത്രാലയത്തിന് സമർപ്പിച്ചു. എന്നാൽ നിർദ്ദിഷ്ടപദ്ധതി ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നടപ്പാക്കുന്നകാര്യം പര്യാലോചിക്കുന്നതിനാൽ ഇത് സംബന്ധിച്ച് തൽക്കാലം തീരുമാനം കൊക്കൊള്ളുന്നില്ല എന്ന വിവരമാണ് കേന്ദ്ര ഉപരിതല മന്ത്രാലയം നൽകിയിട്ടുള്ളത്. രണ്ടാംഘട്ടം പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് 468.4 കോടി രൂപയുടെ അനുമതി ലഭിച്ചു. നടപടികൾ ആരംഭിക്കുകയും ചെയ്തു.

(സി) കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ഏറ്റെടുക്കുന്നതാണ്.

കടമാൻകുളം ആശുപത്രിപ്പടി-ഞാലിക്കണ്ടം റോഡിന്റെ നിർമ്മാണ ജോലികൾ

82 (3723) ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ഡിവിഷനുകീഴിൽ മല്ലപ്പള്ളി സെക്ഷനിൽപ്പെടുന്ന കടമാൻകുളം ആശുപത്രിപ്പടി-ഞാലിക്കണ്ടം റോഡിന്റെ നിർമ്മാണ ജോലികൾ ടെൻഡർ ചെയ്യുമ്പോൾ ഉള്ള എസ്റ്റിമേറ്റ് തുക എത്രയാണ് ;

(ബി) അതിൽ എത്ര ശതമാനം ഉയർത്തിയാണ് ടെൻഡർ നൽകിയിരിക്കുന്നത് ; ആർക്കാണ് കരാർ നൽകിയിട്ടുള്ളത് ;

(സി) കരാറുകാരൻ എഗ്രിമെന്റുവച്ച് പണി ആരംഭിച്ച ശേഷം എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ടാറിംഗ് ജോലി കരാറുകാരന് ഒഴിവാക്കിക്കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഡി) പിന്നീട് ഈ ഒഴിവാക്കിയ ടാറിംഗ് ജോലി പ്രത്യേക വർക്കായി സ്വീകരിച്ചു നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ തുക എത്രയാണ് ; ആരാണ് കരാറുകാരൻ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ടെൻഡർ ഉറപ്പിച്ചു കരാറുകാരൻ എഗ്രിമെന്റ് വച്ചുകഴിഞ്ഞാൽ അതിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പണിയും നിർവ്വഹിക്കാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുകയും വീഴ്ച വരുത്തിയാൽ അയാളിൽ നിന്നും തുക ഈടാക്കാൻ വ്യവസ്ഥയുണ്ടായിരിക്കുകയും ചെയ്യുമ്പോൾ നിർദ്ദിഷ്ടജോലികൾ ഒഴിവാക്കിക്കൊടുക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) ഇതുമൂലം സർക്കാർ ഖജനാവിലുണ്ടാകുന്ന അധിക ബാദ്ധ്യത തിട്ടപ്പെടുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) 44,26,379 രൂപ

(ബി) എസ്റ്റിമേറ്റ് തുകയുടെ 54% ഉയർത്തിയാണ് നൽകിയിട്ടുള്ളത്. ശ്രീ. ജോർജ്ജ് കുരുവിളയ്ക്ക്.

(സി-ഇ) പ്രസ്തുത റോഡ് കവിയൂർ പുഞ്ചയിൽ കൂടി കടന്നു പോകുന്നതാണ്. പ്രസ്തുത റോഡ് വെള്ളപ്പൊക്ക ലവലിന്റെ മുകളിൽ വരെ മണ്ണിട്ട് ഉയർത്തേണ്ടി വന്നതു കൊണ്ടു കൂടുതൽ തുക ആവശ്യമായി വന്നു. കൂടാതെ മേൽപുഞ്ചയിൽ മൂന്ന് മീറ്റർ മുതൽ അഞ്ച് മീറ്റർ വരെ റോഡ് മണ്ണിട്ട് ഉയർത്തിയിട്ടുള്ളതിനാൽ സ്വാഭാവിക സെറ്റിൽമെന്റ് ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. സ്വാഭാവിക സെറ്റിൽമെന്റ് തീർന്നതിനു ശേഷം മാത്രമേ ടാറിംഗ് പണികൾ ചെയ്യാൻ പാടുള്ളൂ. അതുകൊണ്ടാണ് ടാറിംഗ് പണികൾ ഒഴിവാക്കിയിട്ടുള്ളത്. സ്വാഭാവിക സെറ്റിൽമെന്റ് തീരുന്ന മുറയ്ക്ക് ടാറിംഗ് പണികൾ നടത്തുവാനായി 9.45 ലക്ഷം രൂപ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പണിക്ക് ടെൻഡർ വിളിക്കേണ്ടിയിരിക്കുന്നു.

(എഫ്) പണി ടെൻഡർ ചെയ്തതിനുശേഷം മാത്രമേ ബാദ്ധ്യതയുണ്ടോ എന്നു തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

നീലവയൽ കോട്ടയം കാനം വഴി തങ്കമണി പ്രകാശ് റോഡ്

83 (3724) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്ധ്യമേഖലയിൽ ഇടുക്കി ജില്ലയിലെ നീലവയൽ കോട്ടയം കാനംവഴി തങ്കമണി പ്രകാശ് റോഡ് പൊതുമരാമത്തു വകുപ്പ് ടെണ്ടർ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത റോഡ് പി. ഡബ്ലിയു. ഡി. ഏറ്റെടുത്തത് എന്നാണ് ; ഫയൽ നമ്പർ, തീയതി ഇവ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ; ഈ റോഡിന് 1999-2000-ലെ ബഡ്ജറ്റിൽ വക കൊള്ളിച്ചിരിക്കുന്ന തുകയിൽ എത്ര ചെലവാക്കി ; 2000-2001 ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly